പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2283 — 13.02.2013-ൽ മറുപടിയ്ക്ക്

## കാവാലം സബ്-സ്റ്റേഷൻ നിർമ്മാണത്തിന് ലാൻഡ് അക്വിസിഷൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ്ചാണ്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് ലാൻഡ് അക്വിസിഷൻ ഉൾപ്പെടെയുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) കാവാലം സബ്സ്റേറ്ഷൻ നിർമ്മാണത്തിലേയ്ക്കായി കുട്ടനാട് താലൂക്കിൽ കാവാലം വില്ലേജിലെ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 0.874 ഹെക്ടർ സ്ഥലം നെഗോഷിയേറ്റഡ് പർച്ചേയ്സ് പ്രകാരം വാങ്ങാൻ സർക്കാർ ഉത്തരവായിരുന്നെങ്കിലും, 27-01-2011-ൽ ടി സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നികത്തുവാൻ പാടില്ല എന്ന ജില്ലാ കളക്ടറുടെ അറിയിപ്പു ലഭിച്ചു. പള്ളം-പുന്നപ്ര 110 കെ. വി ലൈനിനു സമീപത്താണ് അനുയോജ്യമായ 72 ആർ സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞത്. സ്ഥലം ഉടമയുടെ അനുമതി പത്രം ലഭിച്ചതിനെത്തുടർന്ന് നടത്തിയ സാങ്കേതിക സാധ്യതാ പഠനത്തിൽ 110 കെ. വി ലൈനുമായി ബന്ധപ്പെട്ട പുന്നപ്ര 220 കെ. വി സബ്സ്റ്റേഷൻെറയും കോടിമത 110 കെ. വി. സബ്സ്റ്റേഷൻെറയും നിർമ്മാണത്തിനു ശേഷം കാവാലം സബ്സ്റ്റേഷൻ നിർമ്മിക്കാവുന്നതാണെന്ന് കണ്ടെത്തുകയുണ്ടായി. |
| (ബി) പ്രസ്തുത സബ്-സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്, സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ? | (ബി) കാവാലം 110 കെ. വി സബ്സ്റ്റേഷൻെറ ഭരണാനുമതി നൽകുന്നതു സംബന്ധിച്ച നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.